**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4464** **10-08-2021 - ൽ മറുപടിയ്ക്ക്**

**സമാശ്വാസ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലർക്ക് ആയിരിക്കെ 28-02-2018 ന് മരണമടഞ്ഞ അരുൺ ആനന്ദിന്റെ ഭാര്യയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | മരണമടഞ്ഞ അരുൺ ആനന്ദിന്റെ ഭാര്യ ശ്രീമതി മണിക്കുട്ടി എൻ. ന്, 30/05/2019ലെസ.ഉ(കൈ)നം.68/2019/കൃഷി ഉത്തരവ് പ്രകാരം, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ ക്ലാർക്ക് തസ്തികയിലെ ഒഴിവിൽ, നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നിയമനം നൽകുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായി ആവശ്യപ്പെട്ടിരിക്കുന്നവരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി മണിക്കുട്ടി എൻ. 16-ാം സ്ഥാനത്താണ്. ക്ലാർക്ക് തസ്തികയിൽ ആകെയുള്ള ഒഴിവിൽ, നിലവിലുള്ള ചട്ടപ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി പ്രത്യേകം നീക്കിവെച്ചിട്ടുള്ള ഒഴിവനുസരിച്ച്, സീനിയോറിറ്റി പ്രകാരം ടിയാളുടെ ഊഴമെത്തുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ